**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **06-07-2022 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള ലക്ഷ്യത്തിനനുസൃതമായി സിവിൽ സർവ്വീസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ജനസൗഹാർദ്ദപരവും അഴിമതി രഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഭരണരംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കിവരികയാണ്. ശിപാർശകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിതല സമിതി രൂപികരിച്ചിട്ടുണ്ട്. കമ്മീഷൻ സമർപ്പിച്ചിട്ടുള്ള 13 റിപ്പോർട്ടുകളിൽ 7 എണ്ണത്തിൽ ചീഫ് സെക്രട്ടറിതല സമിതി പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 5 എണ്ണം മന്ത്രിസഭ പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്.<br><br>ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് കൃത്യമായ മാനദണ്ഡം ആവിഷ്കരിച്ചു. സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ശാസ്ത്രീയമായ പ്രവർത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്താതെ ജീവനക്കാരുടെ പുനർവിന്യാസം നടത്തുന്നത് പരിശോധിച്ചുവരുന്നു.<br><br>സെക്രട്ടേറിയറ്റിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് തീരുമാനമെടുത്തിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | വിവിധ വകുപ്പുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും നിലവിലെ ഫയലുകളും പുതിയ ഫയലുകളും സത്വരമായി തീർപ്പാക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാൻ 2022 ജൂൺ 15 മുതൽ 2022 സെപ്റ്റംബർ 30 വരെ നീണ്ടു നിൽക്കുന്ന ഒരു തീവ്രയജ്ഞ പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകൾക്കും ഇതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ജീവനക്കാരുടെ കർമ്മശേഷിയും കാര്യനിർവ്വഹണ പ്രാപ്തിയും ഉയർത്തുന്നതിനും അവരെ സേവനോന്മുഖരാക്കുന്നതിനും പരിശീലന പരിപാടികൾ ഉൾപ്പെടെ നിരന്തരം ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (സി) | എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) മുഖേന പരിശീലനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ